"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിലിന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.435/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/02/2021

---

പരാമർശം:- 1 സർക്കാർ ഉത്തരവ്(പി)നം.137/09/തസ്വഭവ തീയതി 20.07.2009.

2 സർക്കാർ ഉത്തരവ്(സാധാ)നം.2004/19/തസ്വഭവ തീയതി 18.09.2019.

3 സർക്കാർ ഉത്തരവ്(സാധാ)നം.2451/20/തസ്വഭവ തീയതി 29.12.2020.

4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 23.01.2021-ലെ 118/സി1/2020/എൻ.ആർ.ഇ.ജി.എ. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട കേരള സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിൽ ചട്ടം-2009 പ്രകാരം സംസ്ഥാന തൊഴിലുറപ്പ് തൊഴിലുറപ്പ് കൗൺസിലിലെ അംഗങ്ങളുടെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിച്ച കൗൺസിലിലെ അംഗങ്ങളുടെ കാലാവധി അവസാനിച്ചുവെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാതിരുന്ന സാഹചര്യത്തിൽ ചട്ടത്തിലെ നിർദിഷ്ട വ്യവസ്ഥകളിൽ ഇളവ് വരുത്തിക്കൊണ്ട്, പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട കൗൺസിലിന്റെ കാലാവധി 2021 ജനുവരി 31 വരെ ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ടി കാലാവധി അവസാനിച്ച സാഹചര്യത്തിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി, കൺസിൽ പുനഃസംഘടിപ്പിക്കണമെന്ന് പരാമർശം (4) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ സാഹചര്യത്തിൽ പരാമർശം (1) ചട്ടത്തിലെ നിർദിഷ്ട വ്യവസ്ഥകളിൽ ഇളവ് വരുത്തിക്കൊണ്ട്, പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ കാലാവധി 2021 മെയ് 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

കൗൺസിൽ അംഗങ്ങൾക്ക് (മിഷൻ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.16 11:13:54 IST
Reason: Approved
സെക്ഷൻ ഓഫീസർ

Copy to: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.